പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3549** **10. 04. 2013-** ലെ മറുപടി

## സൗദി അറേബ്യയിലെ സ്വദേശിവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യയിലെ സ്വദേശിവൽക്കരണത്തെത്തുടർന്ന് മലയാളികളായ പ്രവാസികളെ കൂട്ടത്തോടെ കേരളത്തിലേയ്ക്ക് മടക്കിവിടുന്നത് സംബന്ധിച്ച ആശങ്ക അകറ്റുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച എന്ന് വിശദീകരിക്കാമോ; | (എ) സൗദി അറേബ്യയിലെ തൊഴിൽ മേഖലയിൽ സ്വദേശി വത്ക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിതാഖാത്ത് സമ്പ്രദായം ശക്തമാക്കിയതിനെത്തുടർന്ന് പ്രവാസി ഇന്ത്യാക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ നയതന്ത്രതലത്തിൽ ചർച്ചകൾ നടത്തി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ യാത്രാ രേഖകളില്ലാത്ത, നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന കേരളീയർക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കുന്നതിലേയ്ക്കായി ഇത്തരത്തിൽ എംബസ്സിയിൽ അപേക്ഷിച്ചവരുടെ വിലാസം പരിശോധിച്ച് എല്ലാ കളക്ടർമാരും 24 മണിക്കൂറിനകം ആവശ്യമായ പരിശോധനകൾ നടത്തി അവരെ തിരിച്ചറിഞ്ഞ് വ്യക്തിയെ സാക്ഷ്യപ്പെടുത്തി എംബസ്സിക്ക് മറുപടി നൽകുന്നതിനുള്ള സംവിധാനം എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും സർക്കാർ ഏർപ്പെടുത്തിയിട്ട്. ഇതിനായി ഇതിനകം മലപ്പുറം, കോഴിക്കോട്, തൃശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലാ കളക്ട്രേറ്റുകളിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എംബസ്സി നൽകുന്ന എമർജൻസി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ഇവർക്ക് നാട്ടിലേക്ക് മടങ്ങാവുന്നതാണ്. ഇതിനു പുറമേ സൗദി അറേബ്യയിൽ നിന്നും തിരികെയെത്തുന്ന പ്രവാസി കേരളീയരെ സഹായി |

ക്കുന്നതിനായി മൂന്നു വിമാനത്താവളങ്ങളിലും നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക്കുകൾ പ്രവർത്തനം ആരംഭിച്ചു. മാത്രമല്ല നോർക്ക-റൂട്ട്സ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇതിലുപരിയായി എംബസി ഉൾപ്പെടെ എല്ലാ കേന്ദ്രങ്ങൾക്കും അടിയന്തിര സന്ദേശം സംസ്ഥാന സർക്കാരിനു കൈമാറുന്നതിനായി "nitaqat2013@norkaroots.net"എന്ന ഇ - മെയിൽ വിലാസം ആരംഭിച്ചിട്ടുണ്ട്.

(ബി)സൗദി അറേബ്യയിലെ വിവിധ സ്റ്റേറ്റുകളിൽ എത്ര കേരളീയർ ജോലി ചെയ്യുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ കേരള മൈഗ്രേഷൻ സർവ്വേ 2011 പ്രകാരം 5,74,739 പ്രവാസി കേരളീയർ സൗദി അറേബ്യയിൽ ജോലി ചെയ്യുന്നുണ്ട്. എന്നാൽ സൗദി അറേബ്യയിലെ വിവിധ സ്റ്റേറ്റുകളിൽ ഉള്ള പ്രവാസികളുടെ കണക്ക് ലഭ്യമല്ല.

(സി)സൗദി അറേബ്യയിലെ സ്വദേശിവൽക്കരണം കാരണം മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തിരികെ വന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡി നൽകാനുള്ള ഒരു പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സൗദി അറേബ്യയിലെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്ന പ്രവാസികൾക്ക് സമഗ്രമായ പുനരധിവാസ പദ്ധതികൾ രൂപം നൽകുന്നതിനായി മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (ഡി)ഏകദേശം എത്ര പ്രവാസികൾ നാട്ടിൽ തിരിച്ചെത്തുംഎന്നാണ് പ്രതീക്ഷിക്കുന്നത്; തിരികെ കയറ്റിവിട്ടവരെ സുരക്ഷിതമായി കേരളത്തിലെത്തിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) സൗദി അറേബ്യയിലെ സ്വദേശിവൽക്കരണം കാരണം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന വരുടെ വ്യക്തി വിവരങ്ങൾ ശേഖരിക്കുന്നതിനായി കേരളത്തിലെ എയർപോർട്ടുകളിൽ ഹെൽപ് ഡെസ്ക്ക് സ്ഥാപിച്ചിട്ടുണ്ട്. ഇങ്ങനെ തിരിച്ചെത്തുന്നവർക്കായി കേരളത്തിലെ മൂന്നു വിമാന ത്താവളങ്ങളിലും നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക്കുകൾ മുഖാന്തിരം കഴിയുന്ന സഹായം ചെയ്യുന്നതാണ്. മാത്രമല്ല നോർക്ക-റൂട്ട്സ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ